പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1232.

21.03.2013 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിലെ പോരായ്മകൾ**

**ചോദ്യം**
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
,, കെ.വി. വിജയദാസ്:
,, ബി. സത്യൻ :
,, പുരുഷൻ കടലുണ്ടി:

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ കടകളിൽ ഒരേയിനം അരി പല വിലകളിലും അളവുകളിലുമായി വില്ക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം കാർഡുടമകൾക്ക് ധാന്യം ലഭ്യമാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) റേഷൻ കടകളിലൂടെ പല വിലകളിലും അളവുകളിലുമായി വിതരണം ചെയ്യുന്നത് ഒരേയിനത്തിൽപെട്ട അരി തന്നെയാണ്. ഓരോ വിഭാഗത്തിലും പെട്ടവർക്ക് പ്രതിമാസം അനുവദിക്കുന്ന അരിയുടെ അളവും വിലയും ചുവടെ ചേർക്കുന്നു.

| പദ്ധതി | അരി |
|---|---|
| ബി.പി.എൽ. | 25 Kg @ Rs.1<br>5 Kg @ Rs.6.20 |
| എ.എ.വൈ | 35 Kg @ Rs.1 |
| എ.പി.എൽ (SS) | 9 Kg @ Rs.2 |
| എ.പി.എൽ. (Normal) | 10 Kg @ Rs.8.90 |
| അന്നപൂർണ്ണ | 10 Kg സൗജന്യമായി |

കൂടാതെ 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തതുമായ എ.പി.എൽ. കാർഡുടമകൾക്ക് 6.20 രൂപ നിരക്കിൽ 19 കിലോ അരിയും 4.70 രൂപ നിരക്കിൽ 6 കിലോ ഗോതമ്പും ഇപ്പോൾ നല്കിവരുന്നു.

(ബി) വിതരണത്തിലെ സങ്കീർണ്ണതകൾ ലഘൂകരിച്ച് ജനങ്ങൾക്ക് ആവശ്യത്തിന് ധാന്യംവാങ്ങാൻ സാധിക്കുന്ന അവസ്ഥ സൃഷ്ടിക്കുമോ;

(ബി) എ.പി.എൽ., ബി.പി.എൽ., എ.എ.വൈ വിഭാഗങ്ങൾക്ക് വ്യത്യസ്ത നിരക്കുകളിലും അളവുകളിലുമാണ് കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത്. എപി.എൽ. വിഭാഗത്തെ നോർമൽ എന്നും സബ്സിഡി എന്നും വീണ്ടും രണ്ടായി വിഭജിക്കുന്നു. ഇതുകൂടാതെ ബി.പി.എൽ. വിഭാഗത്തിൽ പെട്ടവർക്ക് കേന്ദ്രസർക്കാർ അനുവദിച്ച

അധിക വിഹിതം 2009 ലെ ബി.പി.എൽ. ലിസ്റ്റിൽപെട്ട എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തവർക്ക് നല്കുന്നു. സംസ്ഥാനത്തിനു ലഭിക്കുന്ന അധിക വിഹിതം ഭക്ഷ്യധാന്യങ്ങൾ അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുവാൻ വേണ്ടിയാണ് ഇത്തരത്തിൽ വിഭജനം നടത്തി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത്.

(സി) സർക്കാരിന്റെ പ്രഖ്യാപനങ്ങൾ കേട്ട് റേഷൻഷോപ്പുകളിൽ എത്തുന്ന കാർഡുടമകൾക്ക്, അപ്രകാരമുള്ള ധാന്യങ്ങൾ ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(സി) ഇത് സംബന്ധിച്ച് ചില പത്രമാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ കർക്കശമാക്കാനും റേഷൻ കാർഡുകൾ പരിശോധിച്ച് കാർഡുടമകൾക്ക് അർഹതപ്പെട്ട വിഹിതം കിട്ടുന്നുണ്ട് എന്നുറപ്പുവരുത്താനും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.